## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2335 | 17.08.2017-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പാരമ്പര്യ കലകളും കൈത്തൊഴിലുകളും പ്രോത്സാഹിപ്പിക്കുന്നതിന് സഹായം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.യു.ആർ. പ്രദീപ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പാരമ്പര്യ കലകളും കൈത്തൊഴിലുകളും പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്ന തിനും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദാംശം വ്യക്തമാക്കുമോ; | (എ) | പട്ടികജാതിവിഭാഗത്തിൽപെട്ടവരുടെ പാരമ്പര്യ കലകളും കൈത്തൊഴിലുകളും പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും വകുപ്പ് 'ഗദ്ദിക' എന്ന പേരിൽ ഉൽപന്ന പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നു. വിവിധ കലാപ്രകടനങ്ങൾക്കു 'ഗദ്ദിക' വേദിയൊരുക്കുന്നുണ്ട്. അത് അവയുടെ വിപണനമൂല്യം ഉയർത്തുവാൻ സഹായിക്കുന്നു. കൈത്തൊഴിലുകളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി പ്രകാരം അപേക്ഷകർക്ക് സ്റ്റാൾ സൗജന്യമായി അനുവദിക്കുന്നു. ഉൽപന്നങ്ങൾ സ്റ്റാളിലെത്തിക്കാനുള്ള വാഹന വാടക, സ്റ്റാളിൽ നിൽക്കുന്നവർക്ക് പ്രതിദിന ബത്ത, ഭക്ഷണം എന്നിവ നൽകുന്നു. |
| (ബി) | 2016-17 സാമ്പത്തികവർഷം ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | അസിസ്റ്റൻസ് ഫോർ ട്രെയിനിംഗ്, എംപ്ലോയ്മെന്റ് ആന്റ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് എന്ന ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം 4000/- ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെയും, കിർത്താഡ്സിന്റെയും സംയുക്താഭിമുഖ്യത്തിൽ 2016-17 വർഷത്തെ നാടൻ കലാമേള/ഉൽപ്പന്ന പ്രദർശന വിപണനമേള 'ഗദ്ദിക' പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ വച്ചും, കോഴിക്കോട് ജില്ലയിലെ വളയത്ത് വച്ചും സംഘടിപ്പിക്കുന്നതിന് 2225-01-102-96(P) Assistance for training and employment and human resource management ശീർഷകത്തിൽനിന്നും 24/11/2016 ലെ സ.ഉ.(സാധാ) നം.1896/2016/പജപവവിവ പ്രകാരം, |

| | | | |
|---|---|---|---|
| | | | 39,40,000/-രൂപയും കിർത്താഡ്സിന് 16/12/2016 ലെ സ.ഉ(സാധാ)നം.2108/2016/ പജപവവിവ പ്രകാരം 16,35,000/-രൂപയും അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു. |

സെക്ഷൻ ഓഫീസർ